GIFT GULATI INSTITUTE OF FINANCE AND TAXATION
An Autonomous Institution of Government of Kerala

C-882/GIFT/2023 Date: 28/10/2023

# ലേല പരസ്യം

വിഷയം: ദുരന്ത നിവാരണം-ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുറ്റു മതിൽ 14/10/2023 ലെ മഴയിൽ ഇടിഞ്ഞു വീണതുമൂലമുണ്ടായ അപകടാവസ്ഥ ഒഴിവാക്കുന്നതിന്റെ ഭാഗമായി അടിയന്തിരമായി മണ്ണ് നീക്കം ചെയ്യുന്നതിലേക്കായുള്ള ലേല പരസ്യം

പരാമർശം : (1) ജില്ലാ ദിരന്ത നിവാരണ അതോറിറ്റിയുടെ എച്ച്5/3093/2021 dtd 3/10/2023 ഉത്തരവ്

(2) ഇതുസബന്ധച്ചുള്ള സമീപ വാസികളുടെ പരാതികൾ

തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ പാങ്ങപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 16 റീ സർവ്വേ നമ്പർ 614/7 ൽ 01.736 ഹെക്ടർ വിസ്തീർണ്ണത്തിൽ ഉൾപ്പെട്ട ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ അപകടാവസ്ഥയിലായിരുന്ന ചുറ്റുമതിൽ ഇടിഞ്ഞുവിണതിന്റെ ഭാഗമായി മതിൽ അടിയന്തിരമായി പുനർ നിർമ്മിക്കേണ്ടി വരുന്നതിനാൽ അതുമയി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്തുനിന്നും നീക്കം ചെയ്ത മണ്ണും കൂടുതൽ സുരക്ഷിതത്തിനു വേണ്ടി അധികമായി എടുക്കേണ്ടി വരുന്ന മണ്ണും ചേർത്ത് സാങ്കേതിക വിദഗ്ധരുടെ കണക്ക് പ്രകാരം ഏകദേശം 5,000 ക്യൂബിക്ക് മീറ്റർ മണ്ണ് നവംബർ മാസം 3-ാം തീയതി 4 മണിക്ക് ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി **"ഒട്ടിച്ച കവറിൽ (Sealed Cover)"** ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.

(1) ലേലത്തിൽ പങ്കെടുക്കുന്നതിനു മുൻപ് പതിനായിരം രൂപ നിരത ദ്യവ്യമായി ഈ സ്ഥാപനത്തിന്റെ ഓഫീസിൽ DD in favour of Registrar, GIFT /ക്യാഷ് ആയി അടയ്ക്കേണ്ടതാണ്.

(2) മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ബന്ധപ്പെട്ട വകുപ്പിന്റെ അനുമതിയും റോയൽറ്റിയും ഈ സ്ഥാപനത്തിന്റെ ചിലവിൽ ലഭ്യമാക്കുന്നതാണ്.

(3) റോയൽറ്റി ഉൾപ്പെടെ ഒരു ക്യൂബിക്ക് മീറ്ററിന് 120 രൂപയാണ് സ്ഥാപനം നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന/ മിനിമം വില. അതനുസരിച്ച് വ്യത്യസ്ത ലോഡുകൾക്ക് താഴെ പട്ടക A യിൽ പറയുന്ന പ്രകാരം അടിസ്ഥാന വില നീജപെടുത്തിയിരിക്കുന്നു.

തുടർച്ച പേജ് 2

**പട്ടിക - A**

| Load category. No | Load / Lorry Quantity | Basic / Minimum Price | |
|---|---|---|---|
| | | Basis of calculation | Basic Rate/Load |
| 1 | രണ്ട് ചതുരം അഥവ 5 ക്യുബിക് മീറ്റർ മണ്ണ് കയറ്റുന്ന ലോഡ് | $5M^3$ x Rs 120 | Rs. 600/Load |
| 2 | നാല് ചതുരം അഥവ 10 ക്യുബിക് മീറ്റർ മണ്ണ് കയറ്റുന്ന ലോഡ് | $10M^3$ x Rs 120 | Rs. 1200/Load |
| 3 | ആറ് ചതുരം അഥവ 15 ക്യുബിക് മീറ്റർ മണ്ണ് കയറ്റുന്ന ലോഡ് | $15M^3$ x Rs 120 | Rs. 1800/Load |

**പട്ടിക - B**

**ലേല തുക രേഖപ്പെടുത്തുന്നതിനുള്ള Format**

1. **Rate per cubic meter : Rs. ------------- per cubic meter**
2. **Rate per load : To be quoted in the following table**

| Load category. No | Load / Lorry Quantity | Rate to be quoted | |
|---|---|---|---|
| | | Basis of calculation | Rate/Load to be quoted |
| 1 | രണ്ട് ചതുരം അഥവ 5 ക്യുബിക് മീറ്റർ മണ്ണ് കയറ്റുന്ന ലോഡ് | $5M^3$ x Quoted rate/$M^3$ | Rs. -----------/Load |
| 2 | നാല് ചതുരം അഥവ 10 ക്യുബിക് മീറ്റർ മണ്ണ് കയറ്റുന്ന ലോഡ് | $10M^3$ x Quoted rate/$M^3$ | Rs. -----------/Load |
| 3 | ആറ് ചതുരം അഥവ 15 ക്യുബിക് മീറ്റർ മണ്ണ് കയറ്റുന്ന ലോഡ് | $15M^3$ x Quoted rate/$M^3$ | Rs. -----------/Load |

(4) മേൽ ഖണ്ഡികയിൽ പട്ടിക **ബി** യിൽ പറഞ്ഞിരിക്കുന്ന നിശ്ചിത ഫോർമാറ്റിൽ ലേലതുക നൽകാത്തവരെയും അടിസ്ഥാന വിലയിൽ താഴെ ലേല തുക സമർപ്പിക്കുന്നവരുടെയും ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.

(5) ലേലത്തിൽ പങ്കെടുക്കുന്നവർ ഒരു ക്യുബിക് മീറ്ററിനുള്ള തുക പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഒരു ക്യുബിക് മീറ്ററിന് ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ വ്യക്തിക്ക് / സ്ഥാപനത്തിന് ലേലം ഉറപ്പിക്കുന്നതായിരിക്കും.

**തുടർച്ച പേജ് 3**

(6) ലേലം ഉറപ്പിച്ച വ്യക്തി മണ്ണ് നീക്കം ചെയ്യുന്നതിന് മുമ്പ് Retention money ആയി ഒരു ലക്ഷം രൂപ സ്ഥാപനത്തിന്റെ പേരിൽ ഡി ഡി നൽകേണ്ടതാണ്. പ്രസ്തുത തുക നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിരിക്കുന്ന മണ്ണ് മുഴുവനും നീക്കം ചെയ്ത് പണി പൂർത്തീകരിച്ചതിനു ശേഷമായിരിക്കും തിരികെ നൽകുക.

(7) മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മയിനിംങ്ങ് & ജിയോളജി വകുപ്പ് നിഷ്കർഷിക്കുന്ന സമയപരിധി ഉൾപ്പെടെ എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്.

(8) ജെ സി ബി ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുമ്പോൾ സ്ഥാപനം ചുമതലപ്പെടുത്തിയ ഉദ്ധ്യോഗസ്ഥന്റെ / എൻജിനീയറുടെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

(9) അനുമതി ലഭിച്ച 5000 ക്യുബിക് മീറ്റർ മണ്ണ് അല്ലാതെ അധികമായി മണ്ണുനീക്കം ചെയ്യുവാൻ അനുവദിക്കുന്നതല്ല.

(10) സ്ഥാപനത്തിൽ നിന്നും വാഹനത്തിൽ മണ്ണ് പുറത്തു കൊണ്ടുപോകുവാൻ സ്ഥാപനം ചുമതലപ്പെടുത്തിയ ഉദ്ധ്യോഗസ്ഥന്റെ അനുമതിയും നിയമാനുസൃതം ആവശ്യമായ പെർമിറ്റും വാങ്ങിയിരിക്കണം.

(11) മണ്ണ് നീക്കം ചെയ്യുമ്പോൾ സ്ഥാപനത്തിനോ പരിസരവാസികൾക്കോ എന്തെങ്കിലും തരത്തിലുള്ള നാശനഷ്ടം ഉണ്ടാകുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ലേലം പിടിച്ച വ്യക്തിക്ക് മാത്രമായിരിക്കും.

(12) ലോഡിങ്ങ് കൂലി ഉൾപ്പെടെ മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും പൂർണ്ണമായും ലേലം പിടിച്ച വ്യക്തി തന്നെ വഹിക്കേണ്ടതാണ്.

(13) മണ്ണ് നീക്കം ചെയ്യുന്നത് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ ലേലം പിടിച്ച ആളിനെ ഒഴിവാക്കി ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ അവഷേശിക്കുന്ന മണ്ണ് വീണ്ടും ലേലം ചെയ്യുന്നതാണ്.

(14) മേൽ ഖണ്ഡിക പ്രകാരം പുനർ ലേലത്തിലൂടെ സ്ഥാപനത്തിന് എന്തെങ്കിലും നഷ്ടം ഉണ്ടാകെയാൽ ആയത് ആദ്യം ലേലം പിടിച്ച വ്യക്തി കെട്ടിവച്ച Retention money ൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത തുക തികയാതെ വന്നാൽ നിയമപ്രകാരം ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(15) മണ്ണ് നീക്കം ചെയ്യുന്ന സ്ഥലത്ത് സ്ഥാപനത്തിന്റെ ഹോസ്റ്റൽ നിർമ്മാണം നടക്കുന്നതിനാൽ പ്രസ്തുത സ്ഥലത്ത് നിയോഗിച്ചിരിക്കുന്ന Site Engineer/ Supervisor –ടെ നിർദ്ദേശമനുസരിച്ചായിരിക്കണം മണ്ണ് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട Excavation work – ഉം മറ്റ് അനുബന്ധ ജോലികളും ചെയ്യുവാൻ. ഓരോ ഘട്ടത്തിലും അനുവദനീയമായ Level- നുള്ളിൽ നിന്നും വേണം മണ്ണ് നീക്കം ചെയ്യുവാൻ.

Sd/
പ്രൊഫ. കെ ജെ ജോസഫ്
ഡയറക്ടർ